പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3339 08-11-2019-ലെ മറുപടിയ്ക്ക്

**കൃഷിയിടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ പ്രളയത്തിൽ കൃഷി നഷ്ടപ്പെട്ട കർഷകർക്ക് എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ; | (എ) | 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷുറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭം പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ ഫണ്ടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 55.60 കോടി രൂപ വിള ഇൻഷുറൻസ് പദ്ധതി വഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭം പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്. 1.65 കോടി രൂപയുടെ 392.38 ടൺ നെൽവിത്ത് പ്രളയ ബാധിത പ്രദേശങ്ങളിൽ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതിക്ഷോഭം പദ്ധതി, എസ്.ഡി.ആർ.എഫ് എന്നീ ഇനങ്ങളിൽ അഡീഷണൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് കൃഷിയിടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് കർഷകരുടെ കൃഷിയിടങ്ങളിൽ പുരയിടങ്ങൾക്കു മൊത്തമായി ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്നതിന് പദ്ധതി നിലവിലില്ലായെങ്കിലും, കർഷകരുടെ വിള മാത്രമായി ഇൻഷ്വർ ചെയ്യുന്നതിന് പരിഷ്കരിച്ച വിള ഇൻഷുറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ